ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.10.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. മഹാത്മാഗാന്ധിയുടെയും മുൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയുടെയും ജന്മവാർഷിക ദിനത്തിൽ രാജ്യത്തിന്റെ പ്രണാമം; പുഷ്പാഞ്ജലി അർപ്പിച്ച് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ.
   **Nation pays homage to Mahatma Gandhi and former PM Lal Bahadur Shastri on their birth anniversary; the President, Vice President, Prime Minister, and other dignitaries offer floral tributes.**
2. ഗാന്ധിജിക്ക് ആദരമായി സ്വദേശി ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; ഗ്രാമീണ മേഖലകളുടെ വികസന ലക്ഷ്യങ്ങളോടെ രാജ്യത്തുടനീളം ഇന്ന് പ്രത്യേക ഗ്രാമസഭകൾ.
   **PM Narendra Modi urges promotion of Swadeshi products as a tribute to Gandhiji; Special Gram Sabhas convened across the country today for rural development.**
3. എസ് ഐ ആർ നടപടികൾക്ക് ശേഷം വോട്ടർ പട്ടികയിൽ ഉൾപ്പെടാത്ത അർഹരായവരെയും പുതിയ വോട്ടർമാരെയും ചേർക്കുന്നതിനായി പ്രത്യേക പ്രചാരണ പരിപാടി സംഘടിപ്പിക്കാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻറെ നിർദ്ദേശം.
   **Election Commission directs special drive to enroll eligible left-out and first-time electors following completion of Special Intensive Revision (SIR).**
4. സംസ്ഥാനത്തെ സമ്പൂർണ ശുചിത്വത്തിലേക്ക് നയിക്കുന്നതിന് അഞ്ച് വർഷം നീണ്ടുനിൽക്കുന്ന 'നിർമലം' - പുതുയുഗ ശുചിത്വ കേരളം ക്യാമ്പയിന് ഇന്ന് തുടക്കം.

**Five-year campaign 'Nirmalam - Puthuyuga Suchitwa Keralam' launched today to steer the state toward complete sanitation.**

5. ഫ്ലൈദുബായ് വിമാനത്തിൽ ആക്രമണശ്രമം തടഞ്ഞ ഇന്ത്യൻ പൈലറ്റ് ക്യാപ്റ്റൻ സ്മിത് മച്ചാറുമായി സംസാരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി; ആരോഗ്യനില തൃപ്തികരമെന്ന് അധികൃതർ.

**PM Narendra Modi speaks with Indian pilot Captain Smit Machchar who thwarted an assault attempt on flydubai flight; authorities report his condition is stable.**

6. ഏഷ്യൻ ഗെയിംസ് ബോക്സിംഗിൽ ഇന്ത്യയുടെ ലവ്‌ലിന ബോർഗോഹെയ്ന് സ്വർണ്ണം; മെഡൽപട്ടകയിൽ ആറാം സ്ഥാനത്തേക്ക് ഉയർന്ന് ഇന്ത്യ.

**India's Lovlina Borgohain wins Gold in Asian Games boxing; India climbs to 6th position in medal tally.**

**&&&&&&&&&&&&&&&&&&&**

**PREZ PM GANDHI-RAJGHAT**

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 157-ാം ജന്മവാർഷിക ദിനത്തിൽ അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുന്നിൽ പ്രണാമം അർപ്പിച്ച് രാജ്യം. ദിനാചരണത്തിന്റെ ഭാഗമായി ഡൽഹി രാജ്ഘട്ടിൽ സർവ്വധർമ്മ പ്രാർത്ഥനാസഭ സംഘടിപ്പിച്ചു.

രാഷ്ട്രപതി ദ്രൗപദി മുർമു സർവ്വധർമ്മ പ്രാർത്ഥനയിൽ പങ്കെടുക്കുകയും രാഷ്ട്രപിതാവിന്റെ സമാധിയിൽ പുഷ്പാർച്ചന നടത്തുകയും ചെയ്തു. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രി മനോഹർ ലാൽ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ രാജ്ഘട്ടിലെത്തി രാഷ്ട്രപിതാവിന് പുഷ്പാഞ്ജലി അർപ്പിച്ചു.

**&&&&&&&&&&&&&&&&&&&**

**PRESIDNT-GANDHI JAYANTI**

ഗാന്ധി ജയന്തി ദിനത്തിൽ രാഷ്ട്രപിതാവിന് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. ലോകമെമ്പാടും യുദ്ധവും സംഘർഷങ്ങളും നിലനിൽക്കുന്ന സാഹചര്യത്തിൽ ഗാന്ധിജിയുടെ

സമാധാനത്തിന്റെയും അഹിംസയുടെയും സന്ദേശത്തിന് ഏറെ പ്രസക്തിയുണ്ടെന്ന് രാഷ്ട്രപതി തന്റെ സന്ദേശത്തിൽ പറഞ്ഞു.

**&&&&&&&&&&&&&&&&&&&**

## VP-GANDHI SHASTRI

മഹാത്മാ ഗാന്ധിയുടെ ജന്മവാർഷികത്തിൽ ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ അദ്ദേഹത്തിന് പ്രണാമം അർപ്പിച്ചു. സത്യത്തിലും അഹിംസയിലുമുള്ള ഗാന്ധിജിയുടെ അചഞ്ചലമായ വിശ്വാസവും, നീതിയോടുള്ള പ്രതിബദ്ധതയും, മാനവികതയ്ക്ക് എന്നും പ്രചോദനമായി തുടരുന്നുവെന്ന് ഉപരാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു.

**&&&&&&&&&&&&&&&&&&&**

## PM - GANDHI

മഹാത്മാഗാന്ധിയുടെ ജീവിതം സത്യത്തിന്റെയും, അഹിംസയുടെയും, കരുണയുടെയും, സേവനത്തിന്റെയും വെളിച്ചമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബാപ്പുവിന്റെ ആശയങ്ങൾ എല്ലാ കാലഘട്ടത്തിലും മാനവികതയ്ക്ക് വഴികാട്ടിയായി തുടരുമെന്ന് ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ഒക്ടോബർ 2ന് കുറഞ്ഞത് ഒരു ഖാദി ഉൽപ്പന്നമെങ്കിലും വാങ്ങണമെന്നും സ്വദേശി ഉൽപ്പന്നമെന്ന നിലയിൽ അതിനെ അഭിമാനത്തോടെ കാണണമെന്നും ശ്രീ മോദി ജനങ്ങളോട് ആഹ്വാനം ചെയ്തു.

**&&&&&&&&&&&&&&&&&&&**

## SPECIAL GRAMA SABHA

ഗാന്ധി ജയന്തി ദിനമായ ഇന്ന് ഗ്രാമീണ മേഖലകളുടെ വികസന ലക്ഷ്യങ്ങളോടെ രാജ്യത്തുടനീളം പ്രത്യേക ഗ്രാമസഭകൾ ചേരുന്നു. ഭരണപരിഷ്കാരം, പഞ്ചായത്തുകളുടെ ശാക്തീകരണം, ഗ്രാമീണ മേഖലയിലെ പൊതുസേവനം മെച്ചപ്പെടുത്തൽ എന്നിവ ചർച്ച ചെയ്യും.

**&&&&&&&&&&&&&&&&&&&**

## SHASTRI-TRIBUTE

മുൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയുടെ 122-ാം ജന്മവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാഷ്ട്രം.

ന്യൂഡൽഹിയിലെ വിജയ് ഘട്ടിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണനും പുഷ്പാർച്ചന നടത്തി. പാർലമെന്റിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രിമാർ ബി.ജെ.പി അധ്യക്ഷൻ നിതിൻ നബിൻ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, തുടങ്ങിയവർ പുഷ്പാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&&&&&&

**PM – SMITH(INTRO)**

ഫ്ലൈദുബായ് വിമാനത്തിൽ സഹപൈലറ്റ് നടത്തിയ ആക്രമണശ്രമം തടയുകയും 180 പേരുടെ ജീവൻ രക്ഷിക്കുകയും ചെയ്ത ഇന്ത്യൻ പൈലറ്റ് ക്യാപ്റ്റൻ സ്മിത് മച്ചാറുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംസാരിച്ചു. സംഭവത്തെ കുറിച്ച് ക്യാപ്റ്റൻ മച്ചാർ പ്രധാനമന്ത്രിയോട് വിവരിച്ചു. പൈലറ്റിന്റെ ധീരതയെ അഭിനന്ദിച്ച പ്രധാനമന്ത്രി, അദ്ദേഹം വേഗത്തിൽ സുഖം പ്രാപിക്കട്ടെ എന്ന് ആശംസിച്ചു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&&&&

**PILOT ASSAULT PROBE**

അതേസമയം ഫ്ലൈദുബായ് വിമാനത്തിലെ ഇരു പൈലറ്റുമാരെയും അബുദാബിയിലേക്ക് എത്തിച്ചതായി സൗദി പ്രസ് ഏജൻസി റിപ്പോർട്ട് ചെയ്തു. യുഎഇ സുരക്ഷാ സംഘവുമായി സഹകരിച്ച് സൗദി അധികൃതർ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ, സഹപൈലറ്റ്, ക്യാപ്റ്റൻ സ്മിത് മച്ചാറിനെ ആക്രമിച്ചതായി കണ്ടെത്തിയിരുന്നു. ക്യാപ്റ്റൻ മച്ചാറിനെയും കുടുംബത്തെയും നേരിൽ കണ്ടതായും അദ്ദേഹത്തിന്റെ ആരോഗ്യനില തൃപ്തികരമാണെന്നും യുഎഇയിലെ ഇന്ത്യൻ അംബാസഡർ ദീപക് മിത്തൽ പ്രസാർ ഭാരതിയ്ക്ക് നൽകിയ പ്രത്യേക അഭിമുഖത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&&

**NIRMALAM – CLEAN KERALAM**

സംസ്ഥാനത്തെ സമ്പൂർണ ശുചിത്വത്തിലേക്ക് നയിക്കുന്നതിന് അഞ്ച് വർഷം നീണ്ടുനിൽക്കുന്ന 'നിർമലം' – പുതുയുഗ ശുചിത്വ

കേരളം ക്യാമ്പയിന് ഇന്ന് തുടക്കം. ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ എറണാകുളത്ത് നിർവഹിച്ചു. 2031 മാർച്ച് 30 ഓടെ കേരളത്തെ സമ്പൂർണ മാലിന്യ വിമുക്ത സംസ്ഥാനമാക്കി മാറ്റുക എന്നതാണ് ക്യാമ്പയിന്റെ ലക്ഷ്യം.

&&&&&&&&&&&&&&&&&&&

## GANDHI JAYANTHI – KERALAM

ഗാന്ധിജയന്തി ആഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം കിഴക്കേകോട്ട ഗാന്ധിപാർക്കിൽ മന്ത്രി കെ. മുരളീധരൻ നിർവഹിച്ചു. നിയമസഭാ സമുച്ചയത്തിലെ ഗാന്ധി പ്രതിമയിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഹാരാർപ്പണവും പുഷ്പാർച്ചനയും നടത്തി.

&&&&&&&&&&&&&&&&&&&

## SWACHATHA HI SEVA

കേന്ദ്രസർക്കാർ നടപ്പാക്കുന്ന 'സ്വച്ഛതാ ഹി സേവ' ക്യാമ്പയിന്റെ ഭാഗമായി, സംസ്ഥാനത്തുടനീളം വിവിധ പരിപാടികൾ സംഘടിപ്പിച്ചു. റബർ ബോർഡിന്റെ നേതൃത്വത്തിൽ കോട്ടയത്ത് വിപുലമായ ശുചീകരണ പ്രവർത്തനങ്ങളും ശുചിത്വബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചു. സ്വച്ഛത ഹി സേവ ക്യാമ്പയിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയത്തിൽ നടന്ന ശുചീകരണ യജ്ഞത്തിന് നിലയം മേധാവി എ ജി ബൈജു, വാർത്താ വിഭാഗം മേധാവി ലമി ജി നായർ എന്നിവർ നേതൃത്വം നൽകി.

&&&&&&&&&&&&&&&&&&&

## GANDHI JAYANTHI – LAKSHADWEEP

ഗാന്ധിജയന്തി ദിനാഘോഷങ്ങളുടെ ഭാഗമായി ലക്ഷദ്വീപിലും വിവിധ ദ്വീപുകളിലായി വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. കവരത്തിയിലെ സെക്രട്ടറിയേറ്റിൽ നിന്നാരംഭിച്ച് ഗാന്ധി സ്ക്വയറിൽ സംഗമിച്ച മാർച്ചിൽ നൂറ് കണക്കിനാളുകൾ പങ്കെടുത്തു. ശുചികരണ പരിപാടികളും ആരോഗ്യ അവബോധ ക്ലാസുകളും സംഘടിപ്പിച്ചു.

&&&&&&&&&&&&&&&&&&&

## EC -CAMPAIGN

എസ് ഐ ആർ നടപടികൾക്ക് ശേഷം വോട്ടർ പട്ടികയിൽ ഉൾപ്പെടാത്ത അർഹരായവരെയും പുതിയ വോട്ടർമാരെയും ചേർക്കുന്നതിനായി പ്രത്യേക പ്രചാരണ പരിപാടി സംഘടിപ്പിക്കാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ചീഫ് ഇലക്ടറൽ ഓഫീസർമാർക്കാണ് കമ്മീഷന്റെ നിർദ്ദേശം. ഇതിന്റെ ഭാഗമായി ബൂത്ത് ലെവൽ ഓഫീസർമാർ നിലവിലെ വോട്ടർ പട്ടിക മുൻപത്തെ പട്ടികയുമായി താരതമ്യം ചെയ്യും. പുതിയ പട്ടികയിൽ ഉൾപ്പെടാതെ പോയ വോട്ടർമാരെ കണ്ടെത്തി പ്രത്യേക പട്ടിക തയ്യാറാക്കും. ഇങ്ങനെ കണ്ടെത്തുന്ന വോട്ടർമാരുടെ വീടുകൾ ബി.എൽ.ഒമാർ നേരിട്ട് സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കും.

&&&&&&&&&&&&&&&&&&&&&&&&

## SPECIAL STORY - ATAL TUNNEL (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ജനസേവനത്തിലൂടെ രാഷ്ട്രസേവനം എന്ന പ്രത്യേക പരമ്പരയിൽ, അടൽ ടണലിനെ കുറിച്ചാണ് ഇന്ന്. ലോകപ്രശസ്തമായ റോഹ്താങ് ചുരത്തിൽ, അതീവ ദുഷ്കരമായ ഭൂമിശാസ്ത്ര സാഹചര്യങ്ങളിൽ നിർമ്മിച്ച അടൽ ടണൽ, ആധുനിക എൻജിനീയറിംഗിന്റെയും ബോർഡർ റോഡ്സ് ഓർഗനൈസേഷന്റെ സാങ്കേതിക വൈദഗ്ധ്യത്തിന്റെയും മികച്ച ഉദാഹരണമാണ്. മേഖലയുടെ വികസനം, ടൂറിസം, തന്ത്രപ്രധാനമായ ഗതാഗത ബന്ധം എന്നിവയിൽ പ്രധാന നാഴികക്കല്ലായി മാറിയ അടൽ ടണൽ 2020 ഒക്ടോബർ 3-ന് പ്രധാനമന്ത്രിയാണ് ഉദ്ഘാടനം ചെയ്തത്.

( വോയിസ്...)

&&&&&&&&&&&&&&&&&&&&&&&&

## VAISHNAW CONDOLENCES

ഐസ്വാളിന് സമീപമുണ്ടായ വാഹനാപകടത്തിൽ ഇംഫാൽ പ്രസ് ഇൻഫർമേഷൻ ബ്യൂറോ അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. എംഗാം പാം, പ്രതിരോധ വകുപ്പ് പി.ആർ.ഓയും ദൂരദർശൻ

മിസോറാം ഡയറക്ടറുമായിരുന്ന നാംപിബോ മാർമൈ, മറ്റൊരു ഉദ്യോഗസ്ഥനായ എച്ച്. ലിയാൻവാല എന്നിവർ മരിച്ച സംഭവത്തിൽ കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ് അനുശോചനം രേഖപ്പെടുത്തി.

**&&&&&&&&&&&&&&&&&&&**

**DAY ASIAN GAMES**

ജപ്പാനിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിൽ മികച്ച പ്രകടനം തുടർന്ന് ഇന്ത്യൻ കായികതാരങ്ങൾ. വനിതകളുടെ 75 കിലോഗ്രാം ബോക്സിംഗിൽ, ചൈനീസ് താരത്തെ ഏകപക്ഷീയമായ 5-0 എന്ന സ്കോറിന് പരാജയപ്പെടുത്തി ലവ്ലിന ബോർഗോഹെയ്ൻ സ്വർണ്ണം നേടി. വനിതാ റിക്കർവ് ആർച്ചറിയിൽ അങ്കിത ഭകത്, കീർത്തി ശർമ്മ, കുങ്കും മോഹോദ് എന്നിവരടങ്ങുന്ന ടീം കന്നി ഏഷ്യൻ ഗെയിംസ് സ്വർണ്ണ മെഡൽ നേടി ചരിത്രം കുറിച്ചു. 12 സ്വർണ്ണവും 24 വെള്ളിയും 34 വെങ്കലവും ഉൾപ്പടെ മെഡൽ പട്ടികയിൽ ഇന്ത്യ ആറാം സ്ഥാനത്തേക്ക് ഉയർന്നു. മെഡൽ ജേതാക്കളെ രാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ അഭിനന്ദിച്ചു.

**&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&&**

**&&&&&&&&&&&&**